©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2018 മേയ് 26<br>26th May 2018<br>1193 ഇടവം 12<br>12th Idavam 1193<br>1940 ജ്യേഷ്ഠം 5<br>5th Jyaishta 1940 | നമ്പർ<br>No. | 1373 |

## കേരള സർക്കാർ

<u>തദ്ദേശസ്വയംഭരണ (ആർ. സി.) വകുപ്പ്</u>

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 39/2018/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2018 മേയ് 16 / 1193 ഇടവം 2.*

**എസ്. ആർ. ഒ. നമ്പർ 324/2018.**—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും പ്രസ്തുത ആക്റ്റിലെ 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ 'ഇടവഴി പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ പുറമ്പോക്ക് ഭൂമി പ്രസ്തുത ഗ്രാമ പഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/2017/2018/S-24.

## പട്ടിക

| | | |
|---|---|---|
| ജില്ല | .. | തൃശ്ശൂർ |
| താലൂക്ക് | .. | തലപ്പിള്ളി |
| വില്ലേജ് | .. | വേലൂർ |
| ഗ്രാമപഞ്ചായത്ത് | .. | വേലൂർ |
| സർവ്വേ നമ്പർ | .. | 491/3 |
| വിസ്തീർണ്ണം | .. | 0.0202 ഹെക്ടർ (5 സെന്റ്) |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | .. | കടങ്ങോട് മഠം തൈലാംബാൾ മുതൽപേർ വക ഭൂമി |
| തെക്ക് | .. | പഞ്ചായത്ത് റോഡ് (സർവ്വേ നമ്പർ 516/1) |
| കിഴക്ക് | .. | സ്വകാര്യ ഇടവഴി (സർവ്വേ നമ്പർ 491/2) |
| പടിഞ്ഞാറ് | .. | അകഴിപ്പുറത്ത് പരമു നായർ വക ഭൂമി (സർവ്വേ നമ്പർ 490/5). |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടി. കെ. ജോസ്,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം തൃശ്ശൂർ ജില്ലയിലെ വേലൂർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും, വേലൂർ വില്ലേജ്, സർവ്വേ നമ്പർ 491/3-ൽപ്പെട്ടതുമായ 0.0202 ഹെക്ടർ 'ഇടവഴി പുറമ്പോക്ക്' ഭൂമി, കൈവശക്കാരിയായ ശ്രീമതി അമ്മു, വി. എ., വേളത്ത് വീട്, വേലൂർ എന്നവർക്ക് പതിച്ചു നൽകുന്നതിനായി ടി ആക്റ്റിലെ 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, പ്രസ്തുത ആക്റ്റിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.